# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ .160

10.12.2012-ൽ മറുപടിക്ക്

## പൊന്നാനി ഫിഷിംഗ് ഹാർബർ

ചോദ്യം — മറുപടി

| | | | |
|---|---|---|---|
| | ഡോ. കെ. ടി. ജലീൽ | | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | പൊന്നാനി ഫിഷിംഗ് ഹാർബറിന്റെ പൂർത്തീകരണത്തോടെ ഇതിന്റെ വിപരീത ദിശയിൽ സ്ഥിതിചെയ്യുന്ന പുറത്തൂർ പഞ്ചായത്തിലെ പള്ളിക്കടവ് പ്രദേശം 1500 മീറ്റർ ചുറ്റളവിൽ വെള്ളത്തിന്റെ ശക്തമായ സമ്മർദ്ദം കാരണം ദിവസവും ഇടിഞ്ഞ് കൊണ്ടിരിക്കുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ), (ബി) & (സി) | ഉണ്ട്. പുറത്തൂർ പഞ്ചായത്തിലെ പള്ളിക്കടവ് പ്രദേശത്തെ ഇടിഞ്ഞു കൊണ്ടിരിക്കുന്ന കരയും തീരവും സംരക്ഷിക്കുന്നതിനും മത്സ്യത്തൊഴിലാളികൾക്ക വേണ്ടി ഒരു ഫിഷ് ലാന്റിംഗ് സെന്റർ നിർമ്മിക്കുന്നതിനുമായി നിവേദനം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ അതനുസരിച്ചുള്ള പ്രാഥമിക പ്രോജക്ട് പ്രൊപ്പോസൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, ചീഫ് എഞ്ചിനീയർ തയ്യാറാക്കി വരുന്നു. ഇതിന് ഏകദേശം 12 കോടി രൂപ ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | ഉണ്ടെങ്കിൽ ഇതു പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | | |
| (സി) | എങ്കിൽ എന്തെല്ലാം പദ്ധതികളാണ് എടുക്കാനുദ്ദേശിക്കുന്നത് എന്ന് വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ